നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗാനിക് ഫാമിംഗ് സ്ഥാപിക്കാൻ നടപടി

*17 [221] ശ്രീ. പിരപ്പൻകോട് മുരളി:
,, കെ. കെ. ജയചന്ദ്രൻ:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷി രീതി പഠിപ്പിക്കുവാനും വ്യാപകമാക്കുവാനുമായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇതിനായി ഡ്രാഫ്റ്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗാനിക് ഫാമിംഗ് സ്ഥാപിക്കാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഈ ആവശ്യം കേന്ദ്ര സർക്കാർ മുൻപാകെ സമർപ്പിക്കുമോ;

(ഇ) 2005 ആകുമ്പോഴേക്കും ജൈവ കാർഷികോൽപ്പന്നങ്ങൾ മാത്രമേ കയറ്റുമതി ചെയ്യാവൂ എന്ന ലോകവ്യാപാരസംഘടനയുടെ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഡബ്ല്യു.ടി.ഒ.-യുടെ ഈ തീരുമാനം സംസ്ഥാനത്തുനിന്നുള്ള കയറ്റുമതിയെ പ്രതികൂലമായി ബാധിക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ ഇതിനു പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ ഗൗരിയമ്മ):

(എ ആന്റ് ബി) ഉണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) അഭ്യർത്ഥിച്ചുവെങ്കിലും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗാനിക് ഫാമിംഗ് ഗാസിയാബാദിൽ സ്ഥാപിക്കാൻ കേന്ദ്രസർക്കാർ തീരുമാനിക്കുകയാണുണ്ടായത്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) വാർത്താമാദ്ധ്യമങ്ങൾ മുഖേന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) സാദ്ധ്യത കാണുന്നുണ്ട്. അതിനാൽ ജൈവ കാർഷികോൽപ്പന്നങ്ങളുടെ പ്രാധാന്യവും ആവശ്യകതയും മനസ്സിലാക്കി ദേശീയവും അന്തർദേശീയവുമായ വിപണികൾ ലക്ഷ്യമാക്കി ജൈവകൃഷി രീതി വ്യാപകമാക്കാൻ സർക്കാർ ശ്രമിച്ചുവരികയാണ്.

---

† നിയമസഭാലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly